**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2525300, 2332120, 2338487

**പത്രക്കുറിപ്പ്**

**കീം-2025**

**കേരള എഞ്ചിനീയറിംഗ്, ഫാർമസി കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ 2025 വിജയകരമായി പൂർത്തിയായി**

സംസ്ഥാനത്തെ സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാർ കോസ്റ്റ് ഷെയറിംഗ്, സ്വാശ്രയ സ്വയംഭരണ എഞ്ചിനീയറിംഗ് കോളേജുകളിലെ വിവിധ ബി.ടെക് പ്രോഗ്രാമുകളിലേക്കും ഫാർമസി കോളേജുകളിലെ ബി.ഫാം കോഴ്സുകളിലേക്കും 2025-26 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനായുള്ള കമ്പ്യൂട്ടർ അധിഷ്ഠിത (CBT) പ്രവേശന പരീക്ഷ (കീം-2025) പൂർത്തിയായി. ഏപ്രിൽ 23 മുതൽ 29 വരെ നടന്ന ഈ പരീക്ഷയ്ക്ക് കേരളത്തിൽ 134 പരീക്ഷാ കേന്ദ്രങ്ങളിലായി 192 വെന്യൂകൾ സജ്ജീകരിച്ചിരുന്നു. കൂടാതെ ഡൽഹി, മുംബൈ, ചെന്നൈ, ബംഗളൂരു, ദുബായ് എന്നിവിടങ്ങളിലും പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ചിരുന്നു. ചെന്നൈ, ബംഗളൂരു കേന്ദ്രങ്ങൾ ഈ വർഷം പുതുതായി ആരംഭിച്ചവയാണ്. കേരളത്തിൽ ആകെ 85,296 പേർ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് ഹാജരായി. ദുബായ്, ഡൽഹി, മുംബൈ, ബംഗളൂരു, ചെന്നൈ എന്നിവിടങ്ങളിലായി 1105 പേർ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് ഹാജരായി. ബി.ഫാം കോഴ്സ് പ്രവേശനത്തിനായി കേരളത്തിൽ ആകെ 33,304 പേർ പരീക്ഷയ്ക്ക് ഹാജരായി. ദുബായ്, ഡൽഹി, മുംബൈ, ബംഗളൂരു, ചെന്നൈ എന്നിവിടങ്ങളിലായി 111 പേർ ഫാർമസി പരീക്ഷ എഴുതി.

2024 മുതൽ എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷ ഓൺലൈൻ രീതിയിൽ നടത്തണമെന്ന് സർക്കാർ ഉത്തരവ് നൽകി. 2024 നെ അപേക്ഷിച്ച് ഈ വർഷം പരീക്ഷ നടത്തുന്നതിനായി കൂടുതൽ കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിക്കാൻ കഴിഞ്ഞതിനാൽ അപേക്ഷകർക്ക് അവരുടെ ആദ്യ ചോയ്സായ ജില്ലയിൽ തന്നെ പരീക്ഷാ കേന്ദ്രം അനുവദിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ആവശ്യാനുസരണം ലാബുകൾ ലഭ്യമാകാതിരുന്നാൽ KELTRON ന്റെ സഹായത്തോടെ IHRD കോളേജുകളിലും സ്കൂളുകളിലുമായി താത്ക്കാലിക ലാബുകൾ സ്ഥാപിച്ച് പരീക്ഷ നടത്തുകയായിരുന്നു. പരീക്ഷ നടത്തുന്നതിനായി സുസജ്ജമായ കമ്പ്യൂട്ടർ ലാബുകൾ കണ്ടെത്തുക എന്നത് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിന് അക്ഷരാർത്ഥത്തിൽ

വെല്ലുവിളി തന്നെയായിരുന്നു. എന്നാൽ സർവ്വകലാശാലകളും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പും അവരുടെ പരീക്ഷകൾ മാറ്റിവച്ചും ആവശ്യമായ ക്രമീകരണങ്ങൾ വരുത്തിയും കീം പരീക്ഷയ്ക്ക് ആവശ്യമായ ലാബ് സൗകര്യങ്ങൾ വിട്ടുതരാൻ തയ്യാറായി. പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ നിയോഗിച്ചിരുന്നു. സി-ഡിറ്റ് ആണ് പരീക്ഷയ്ക്ക് ആവശ്യമായ സോഫ്റ്റ്‌വെയർ വികസിപ്പിച്ചതും പരീക്ഷയ്ക്കായുള്ള സാങ്കേതിക സഹായം നൽകിയതും.

ഓരോ പരീക്ഷാ കേന്ദ്രത്തിലും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഒരു സെന്റർ കോ-ഓർഡിനേറ്ററെ നിയോഗിച്ചിരുന്നു. സെന്റർ കോ-ഓർഡിനേറ്ററെ സഹായിക്കുന്നതിനായി നെറ്റ്‌വർക്ക് സ്പെഷ്യലിസ്റ്റ്, ടെക്നിക്കൽ സപ്പോർട്ട് പേഴ്സണൽ തുടങ്ങിയവരേയും ഓരോ കേന്ദ്രത്തിലും ആവശ്യാനുസരണം നിയോഗിച്ചിരുന്നു. പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം വഹിച്ചത് ചീഫ് സൂപ്രണ്ടുമാരാണ്. ഓരോ വെന്യൂവിലും ഒരു ചീഫ് സൂപ്രണ്ട് എന്ന നിലയിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി. സർക്കാർ/സർക്കാർ കോസ്റ്റ് ഷെയറിംഗ് എഞ്ചിനീയറിംഗ് കോളേജ്, ഹയർ സെക്കന്ററി സ്കൂളുകൾ, പോളിടെക്നിക് കോളേജുകൾ, ഐ.ടിഐ എന്നിവിടങ്ങളിലെ കമ്പ്യൂട്ടർ/ഐടി/ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളിലെ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഉദ്യോഗസ്ഥർ/അദ്ധ്യാപകർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക് കോളേജുകളിലെയും കമ്പ്യൂട്ടർ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, ലക്ചറർ, ഡെമോൺസ്ട്രേറ്റർ, ട്രേഡ് ഇൻസ്പെക്ടർ, കമ്പ്യൂട്ടർ പ്രോഗ്രാമർ, ഫസ്റ്റ് ഗ്രേഡ് ഇൻസ്ട്രക്ടർ, വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ എന്നിവരെയാണ് ചീഫ് സൂപ്രണ്ടുമാരായി നിയോഗിച്ചിരുന്നത്. വളരെ സ്തുത്യർഹമായ രീതിയിൽ അവർ ചുമതലകൾ നിർവഹിച്ചിട്ടുണ്ട്. ഇവരെ സഹായിക്കുന്നതിനായി സി-ഡിറ്റ് ചുമതലപ്പെടുത്തുന്ന software support personnel നെയും ഓരോ വെന്യൂവിലും നിയമിച്ചിരുന്നു. പരീക്ഷാ കേന്ദ്രത്തിലെത്തുന്ന അപേക്ഷകരുടെ ഐഡന്റിറ്റി പരിശോധന അക്ഷയ കേന്ദ്രത്തെയാണ് ഏൽപ്പിച്ചിരുന്നത്. 70 അപേക്ഷകർക്ക് ഒരു ജീവനക്കാരൻ എന്ന നിലയിൽ അക്ഷയ ജീവനക്കാരെ ചുമതലപ്പെടുത്തി. വളരെ കൃത്യമായും ആത്മാർത്ഥതയോടെയും അവരിൽ അർപ്പിതമായ ചുമതല അക്ഷയ ടീം നിർവ്വഹിച്ചിട്ടുണ്ട്.

പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് എല്ലാ ചീഫ് സൂപ്രണ്ടുമാരുമായും, സെന്റർ കോ-ഓർഡിനേറ്റർമാരുമായും പ്രവേശന പരീക്ഷാ കമ്മീഷണർ ഓൺലൈൻ മീറ്റിംഗിലൂടെ ആശയ വിനിമയം നടത്തിയിരുന്നു. പല ഘട്ടങ്ങളിലായി ഇവർക്ക് ആവശ്യമായ പരിശീലന പരിപാടികൾ ഓൺലൈനായി നടത്തി. ഇതിന്റെയെല്ലാം ഫലമായി വളരെ വലിയ ആത്മവിശ്വാസത്തോടെയാണ് ഓരോ ഉദ്യോഗസ്ഥരും പരീക്ഷയെ സമീപിച്ചത്. മറ്റ് അഫിലിയേറ്റഡ് സ്ഥാപനങ്ങൾ ഒന്നും ഇല്ലാത്ത പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസ് വളരെ പരിമിതമായ എണ്ണം ജീവനക്കാരുടെ രാപകൽ ഭേദമന്യേയുള്ള പ്രവർത്തന ഫലമായാണ് ഈ പരീക്ഷ വിജയകരമാക്കാൻ സാധിച്ചത്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിനോടൊപ്പം ചേർന്ന് നിന്നുകൊണ്ട് ആവശ്യമായ സാങ്കേതിക സഹായം നൽകിയ സി-ഡിറ്റ്, പരീക്ഷ നടത്തുന്നതിനായി കോളേജുകളും, സ്കൂളുകളും ലഭ്യമാക്കിയ വകുപ്പുകൾ/സ്ഥാപനങ്ങൾ, പരീക്ഷാ ചുമതലയുള്ള ചീഫ് സൂപ്രണ്ടുമാർ, സെന്റർ കോ-ഓർഡിനേറ്റർമാർ, അവരുടെ ടീം അംഗങ്ങൾ, അക്ഷയ ടീം, അധിക കേന്ദ്രങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കിയ കെൽട്രോൺ തുടങ്ങിയവരുടെ സേവനം പ്രത്യേകം

അഭിനന്ദനാർഹമാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ്, പോലീസ്, കെ.എസ്.ആർ.ടി.സി, കെ.എസ്.ഇ.ബി. എന്നീ വിഭാഗങ്ങളുടെ സഹകരണം ലഭ്യമാക്കിക്കൊണ്ട് വിജയകരമായി പരീക്ഷ പൂർത്തിയാക്കാൻ കഴിഞ്ഞു.

2025-ലെ കീം കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ വിജയകരമായി പൂർത്തിയാക്കാൻ സഹകരിച്ച എല്ലാ ഉദ്യോഗസ്ഥരോടും/വകുപ്പുകളോടും പ്രവേശന പരീക്ഷാ കമ്മീഷണർ നന്ദി അറിയിച്ചു.

**ഹെൽപ് ലൈൻ നമ്പർ : 04712525300, 2332120, 2338487**

Signed by Arun S Nair
Date: 29-04-2025 19:04:36

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
29-04-2025